"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിലെ മുനമ്പം പ്രദേശത്തെ നിവാസികളും കേരള സംസ്ഥാന വഖഫ് ബോർഡും തമ്മിൽ നിലനില്ക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട ഉടമസ്ഥാവകാശ തർക്കത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ ആഴത്തിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള നിർദേശങ്ങൾ (modus operandi) സമർപ്പിയ്ക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.755/2026/RD തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:- 15.02.2026 തീയതിയിലെ സ.ഉ. (കൈ) നം. 72/2026/റവ നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 ചുവടെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

"*പ്രസ്തുത ഉന്നതതല സമിതി ജസ്റ്റിസ് സി.എൻ . രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിക്കാവുന്ന നടപടികൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിയ്ക്കേണ്ടതാണ്.*"

2] പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ ജയതിലക് ഐ എ എസ്
ചീഫ് സെക്രട്ടറി

ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾക്ക്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 18-03-2026 16:26:00

സെക്ഷൻ ഓഫീസർ